B 94

# കുചേലമന്ദിരത്തിലെ
# ശ്രീദേവി.



ജ്യോത്സ്യൻ കെ. ജി. ദാസ്സ്

ഓം.

# കുചേലമന്ദിരത്തിലെ ശ്രീദേവി.

PRESENTED BY:
SRI M. K. VASUDEVAN NAIR
MANIYARA VEEDU
MALAYINKIL

ഗ്രന്ഥകർത്താ
ജ്യോത്സ്യൻ കെ. ജി. ദാസ്സ്
നീർവിളാകം, ആറന്മുള.

ഒന്നാംപതിപ്പ് കാപ്പി ൫൦൦.

SREE KRISHNA VILASOM GRANDHASALA
9485
MALAYINKIL

ശുഭോദയം പ്രസ്സ്
തിരുവനന്തപുരം.

1107 വില ചക്രം ൨.

ഉടമസ്ഥന്റെ മുദ്രയില്ലാത്ത പുസ്തകം വ്യാജനിർമ്മിതമാണ്.

# അഭിപ്രായങ്ങൾ.

KRISHNA VILASOM GRANDHASALA MALAYINKIL

ജ്യോത്സ്യൻ കെ. ജി. ദാസ്സ് രചിച്ച "കുചേലമന്ദിരത്തിലെ ശ്രീദേവി" എന്ന കൃതി ഞാൻ ഒരാവൃത്തി വായിച്ചു. ശ്രീമദ്ഭാഗവതാന്തർഗ്ഗതമായ കുചേലവൃത്തം തന്നെയാണ് ഈ ഗ്രന്ഥത്തിലേയും ഇതിവൃത്തം; എന്നാൽ അതിൻെറ പ്രതിപാദനത്തിൽ കവി ഏതാണ്ടൊരു പുതുമ വരുത്തുവാൻ യത്നിക്കയും ആ യത്നം സഫലമാകുകയും ചെയ്തിട്ടുണ്ട്. ഈ കാവ്യത്തിലെ പദ്യങ്ങൾക്കു സാമാന്യേന ലാളിത്യാദിഗുണങ്ങൾ കാണുന്നുണ്ട്. ഗ്രന്ഥകാരൻ ഉററു പരിശ്രമിക്കുന്നതായാൽ ഇതിലധികം സഹൃദയഹൃദയാവർജ്ജകങ്ങളായ കാവ്യങ്ങൾ നിർമ്മിക്കുന്നതിനു അദ്ദേഹത്തിനു സാധിക്കുമെന്നാണ് ഞാൻ ന്യായമായി ഊഹിക്കുന്നത്. ഈ കവിക്കു സർവമംഗളവും ആശംസിച്ചുകൊള്ളുന്നു.

റാവുസാഹിബ്

തിരുവനന്തപുരം 22-4-107. } ഉള്ളൂർ എസ്സ്. പരമേശ്വരയ്യർ എം. എ. ബി. എൽ.

---

ആറന്മുളക്കാരനും, ഈ ഖണ്ഡകൃതിയ്ക്കെല്ലാം മുമ്പുമുതൽതന്നെ ചില ചില്ലറക്കവിതകൾ വഴിയായി എൻെറ പരിചിതനുമായ ശ്രീമാൻ ജ്യോത്സ്യൻ കെ. ജി. ദാസ്സ് അവർകളുടെ "കുചേലമന്ദിരത്തിലെ ശ്രീദേവി" എന്ന ഈ ചെറുകൃതി ഞാൻ ഒന്നുരണ്ടുപ്രാവശ്യം സകൌതുകം വായിച്ചുനോക്കി.

വികാരദ്യോതനമാണു് ഖണ്ഡകൃതി ധർമ്മമെന്നു് ഏതൽഗ്രന്ഥകാരൻ വേണ്ടവണ്ണം അറിഞ്ഞിട്ടുണ്ടെന്നുള്ളതിനു് ഗ്രന്ഥംമുഴുവനുമുദാഹരണമാകയാൽ ഏതാനുമാളുകൾക്കു വൈരസ്യമുളവാക്കുന്ന ഏകദേശോദ്ധാരണമെന്ന വ്യഥാശ്രമം ചെയ്യണമെന്നു് ഞാൻ വിചാരിക്കുന്നില്ല. ഈ കവിയുടെ അനർഗ്ഗളമായ പരിശ്രമത്തിൽനിന്നു് ഇതിനേക്കാൾ വിശിഷ്ടകൃതികളും സഹൃദയലോകത്തിനാസ്വാദ്യങ്ങളായിക്കിട്ടുവാനിടയുണ്ടെന്നു് ഈ കൃതിയിലെ പല ഭാഗങ്ങളും പ്രസ്പഷ്ടമായിത്തെളിയിക്കുന്നുണ്ടു്.

ഈ ഗ്രന്ഥം ആപാദചൂഡം പാണ്ഡിത്യത്തേക്കാൾ വാസനയെയാണു് പ്രത്യക്ഷപ്പെടുത്തുന്നതെന്നുള്ള എന്റെ വിനീതമായ അഭിപ്രായത്തെത്തുറന്നുപറഞ്ഞുകൊണ്ടു്, ഈ യുവകവിയുടെ ഹൃദയഗുഹത്തിൽ നിന്നാവിർഭവിച്ചിരിക്കുന്ന പ്രഥമസന്താനമായ ഈ കൃതിയ്ക്കു് സന്താനപരമ്പരയോടുകൂടിയ സകലൈശ്വര്യങ്ങളും അനവരതം ആശംസിച്ചുകൊള്ളുന്നു.

വിദ്വാൻ
കെ. കെ. ഗോപാലഗണകൻ
കാവുംഭാഗം
തിരുവല്ല.

൧൧൦൭
കന്നി ൧൮-ാംനു

PRESENTED BY:
SRI M. K. VASUDEVAN NAIR
E911
9485

# മുഖവുര.

മനോഹരങ്ങളായ കവിതാതാരങ്ങളാൽ പ്രശോഭിതമായ ഭാഷാസാഹിത്യനഭോമണ്ഡലത്തിൽ അരുന്ധതീനക്ഷത്രമെന്നപോലെ ഈ ഖണ്ഡകാവ്യം പ്രകാശിക്കുമെങ്കിൽ ഞാൻ കൃതാർത്ഥനായി. സരസമധുരങ്ങളായ കാവ്യങ്ങൾ ആസ്വദിച്ചു മദോന്മത്തരായിരിക്കുന്ന സഹൃദയന്മാർക്കു കൈപ്പുരസം നിറഞ്ഞ ഈ ലഘുകൃതി ഇടയ്ക്കിടെ സേവിച്ചാൽ മധുരരസത്തെപ്പിന്നെയും ആസ്വദിക്കുന്നതിനു കൌതുകം ജനിക്കുമെന്നുള്ള പ്രധാനോദ്ദേശത്തോടുകൂടി മാത്രമാണു് ഞാൻ ഇതു പ്രസിദ്ധം ചെയ്യുവാൻ നിശ്ചയിച്ചതു്.

“കുചേലമന്ദിരത്തിലെ ശ്രീദേവി”എന്ന ഈ ഖണ്ഡകാവ്യം എന്റെ പ്രഥമകൃതിയെന്നു തീർത്തുപറയാൻ കഴിയാത്തവിധത്തിൽ ചില ചില്ലറക്കവിതകൾ ഇതിനുമുൻപും ഞാൻ എഴുതിയിട്ടുള്ളവയെ പിറകേ അച്ചടിപ്പിച്ചു പരസ്യംചെയ്യണമെന്നു വിചാരിക്കുന്നുണ്ടു്. ഈ ഖണ്ഡകൃതി എഴുതി തീർന്നതിന്റെശേഷം എന്റെ ആത്മബന്ധുവായ സംസ്കൃതവിദ്വാൻ കെ. ഒ. ഗോപാലഗണകൻ അവർകളെക്കാണിക്കയും അദ്ദേഹത്തിന്റെ ദൃഷ്ടിയിൽ പ്രതിബിംബിച്ചിട്ടുള്ള ചില ദോഷങ്ങളെ പരിഹരിക്കയും ചെയ്തിട്ടുണ്ടു്. പിന്നീടു ഞാൻ ഈ കൃതിയെ മഹാകവിയായ ബ്രഹ്മശ്രീ ഉള്ളൂർ എസ്സ്. പരമേശ്വരയ്യർ എം. എ. ബി. എൽ; എം. ആർ. ഏ. എസ്സ്. അവർകൾ സമക്ഷത്തിൽ കൊടുക്കയും അദ്ദേഹം തന്റെ വിലയേറിയ സമയത്തിൽ ഒരംശം വിനിയോഗിച്ചു ഒരഭിപ്രായം

എഴുതിത്തന്നു എന്നെ അനുഗ്രഹിക്കയും ചെയ്തിട്ടുണ്ടു്. ആ മഹാത്മാവിനോടു് എനിക്കുള്ള അതിരററ ഭക്ത്യാദരങ്ങളെ ഇവിടെ പ്രദർശിപ്പിച്ചുകൊള്ളുന്നു. പലവക ജോലിത്തിരക്കുകൾ ഉണ്ടെങ്കിലും എന്റെ അപേക്ഷയെ സദയം കൈക്കൊണ്ടു് "ശ്രീദേവി"ക്കു് കനകഭൂഷണമെന്നുവിധം ഒരവതാരികയെഴുതി ചാത്തിയ തിരുവനന്തപുരം ആർട്ട്സ് കാളേജിലെ ഭാഷാപണ്ഡിതരായ വിദ്വാൻ സി. ഐ. ഗോപാലപിള്ള ബി. ഏ. അവർകളോടുള്ള എന്റെ വിനീതമായ കൃതജ്ഞതയേയും ഇവിടെ പ്രകാശിപ്പിച്ചുകൊള്ളുന്നു. എന്റെ മാന്യസ്നേഹിതനായ വിദ്വാൻ കെ. ഒ. ഗോപാലഗണകൻ അവർകൾ നിഷ്ക്കർഷയോടുകൂടി ഈ കൃതി പരിശോധിച്ചു സരസമായ തന്റെ അഭിപ്രായമയച്ചുതന്നതിനു് അദ്ദേഹത്തോടുള്ള എന്റെ അകൈതവമായ നന്ദിയേയും ഇവിടെപ്പറഞ്ഞുകൊള്ളുന്നു. അച്ചടിക്കുന്നതിനു വേണ്ട പ്രോത്സാഹനം ചെയ്തു സഹായിച്ച "ശ്രീഭാലയം പ്രസ്സ്" പ്രവൎത്തകന്മാരോടും എനിക്കുള്ള നന്ദിയെ പ്രസ്താവിച്ചുകൊണ്ടു് ഈ ചെറു പുസ്തകത്തെ സജ്ജനസമക്ഷം പ്രകാശിപ്പിച്ചുകൊള്ളുന്നു.

കെ. ജി. ദാസ്സ്.

# അവതാരിക.

ഭാഷാപദ്യസാഹിത്യം ഖണ്ഡകാവ്യങ്ങളെക്കൊണ്ടാണല്ലോ ഇന്നു സവിശേഷം ശോഭിക്കുന്നതു്. മഹാകാവ്യങ്ങളുടെ കാലം ഏതാണ്ടു കഴിഞ്ഞതുപോലെ തോന്നുന്നു. ഏതെങ്കിലും കഥയെ ആസ്പദമാക്കി കൃത്രിമങ്ങളായ വൎണ്ണനകളാലും അനുഭവവിരുദ്ധങ്ങളായ കല്പനകളാലും വൈരസ്യജനകങ്ങളായ അലങ്കാരപ്പണികളാലും കാവ്യരചന നിൎവ്വഹിച്ചുകളയാമെന്നു് ആധുനികകവികൾ ഉദ്ദേശിക്കുന്നതായി കാണുന്നില്ല. പ്രത്യുത, പരിതസ്ഥിതികളെ പ്രതിഫലിപ്പിച്ചും പരിഷ്കൃതമനോഭാവം പ്രദൎശിപ്പിച്ചും ജീവിതപന്ഥാവിനെ പ്രകാശിപ്പിച്ചും, ഹൃദയത്തെ വികാരാധീനമാക്കിയും കാവ്യനിൎമ്മാണം ചെയ്കയാണു് ഇപ്പോഴത്തെ പതിവു്. ലോകത്തിന്റെ സംതതമായ പുരോഗതിയ്ക്കിടയിൽ പ്രാചീനസമ്പ്രദായങ്ങളെ ആരാധിക്കുന്നതിൽ ജനങ്ങൾ വൈമുഖ്യം പ്രദൎശിപ്പിക്കുന്നതു് ഒട്ടും ആശ്ചൎയ്യകരവുമല്ല.

"കുചേലമന്ദിരത്തിലെ ശ്രീദേവി" എന്ന ഈ ചെറുകാവ്യം പുരാണകഥോപകല്പിതമാണെന്നു പേർ കേൾക്കുമ്പോൾ തോന്നുമെങ്കിലും വായിച്ചുനോക്കുമ്പോൾ ആ അനുഭവം മറിച്ചാണുണ്ടാവുക. കവിയുടെ മനസ്സിൽ പതിഞ്ഞുകിടക്കുന്ന വിവിധാശയങ്ങളെ പ്രകടിപ്പിക്കാൻ ഒരു സമുചിതസന്ദൎഭം സമ്പാദിക്കുക മാത്രമാണു് കഥാസ്വീകാരംകൊണ്ടു സാധിച്ചിട്ടുള്ളതു്. കുചേലകഥയെ പ്രതിപാദിക്കുമ്പോൾ കവികളും വായനക്കാരും കുചേലനെമാ

ത്രം അനുഗമിക്കുന്ന രീതിയിലാണ് ഇതരപ്രബന്ധങ്ങൾ നിർമ്മിക്കപ്പെട്ടുകാണുന്നതു്; അദ്ദേഹത്തിന്റെ പത്നിയുടേയും പുത്രന്മാരുടേയും കഥ മിക്കവാറും അപ്രധാനമായി കിടക്കുന്നതേയുള്ളു. പ്രസ്തുത കാവ്യം വായിക്കുമ്പോൾ നാം കുചേലനെ വിട്ടിട്ടു് അദ്ദേഹത്തിന്റെ ജീർണ്ണഗൃഹത്തിൽത്തന്നെ നിലകൊള്ളുന്നു. അവിടെ പരിഭ്രമിച്ചുകഴിയുന്ന സാധ്വിയുടേയും ക്ഷുൽപരവശരായി കുഴങ്ങുന്ന ബാലന്മാരുടേയും സമ്പർക്കമാണു നമുക്കു ലഭിക്കുന്നതു്. ഈ വ്യതിയാനം എത്രയും മനോഹരവും കവിയുടെ ആശയങ്ങളെ പ്രതിപാദിക്കാൻ സഹായകവും ആയിട്ടുണ്ടെന്നു നിർമ്മത്സരന്മാർ സമ്മതിക്കാതിരിക്കയില്ല.

"അകമലരിലണഞ്ഞ ദുഃഖമെല്ലാ-
മകലുവതിന്നു കുചേലഭൂസുരേന്ദ്രൻ
ഹരിപദകമലം നിനച്ചുപോയോ-
രളവിലഹോ നിജ പത്നി മാഴ്കിവാണാൾ".

എന്നാണു കാവ്യം ആരംഭിക്കുന്നതു്. കുചേലപത്നി വ്യസനിച്ചുകൊണ്ടിരുന്നു എന്നു കേൾക്കുമ്പോൾതന്നെ നമ്മുടെ മനസ്സു് ആ സ്ത്രീയെ സമീപിക്കുന്നു. അപ്പോൾ അവരുടെ ദയനീയസ്ഥിതിയാണു നാം കാണുന്നതു്. വിവശനായി പുറപ്പെട്ടിരിക്കുന്ന ആത്മവല്ലഭന്റെ തൽക്കാലാവസ്ഥയെപ്പററി ആ സുചരിത വ്യസനിച്ചുകൊണ്ടിരിക്കുമ്പോൾ കുട്ടികൾ വിശന്നു കരയുന്നതു കേൾക്കുകയും അഗ്നിയിൽ തൈലധാരയെന്നപോലെ ആ രോദനം അവരുടെ സന്താപത്തെ ശതഗുണം വർദ്ധിപ്പിക്കയും ചെയ്യുന്നു. അപ്പോൾ,

"യദുകുലവര! നിൻസതീർത്ഥ്യനാം ഭൂ-
സുരനുടെ പുത്രരുമിഷ്ടപത്നിതാനും

കദനമധികമാന്നിടുന്നതോരാ-
തവിടെവസിപ്പതു യോഗ്യമോ മുരാരേ!”

എന്ന് ഭഗവാനിൽ സങ്കടം സമപ്പിക്കയല്ലാതെ ഗത്യന്തരം ആ സ്ത്രീ കാണുന്നില്ല. ഈ പദ്യത്തിലെ ശോകഭക്തിപാരമ്യങ്ങളുടെ സങ്കലനം അത്യധികം ഹൃദയാവർജ്ജകമായിരിക്കുന്നു. അനന്തരം കുട്ടികളുടെ വിലാപമാണു നാം കേൾക്കുന്നതു്. അവർ ശാന്തമായി അമ്മയെ ഭത്സിക്ക കൂടി ചെയ്തിട്ടും ആ പുത്രവത്സല കോപാക്രാന്തയാകാതെ അവക്കു സദുപദേശങ്ങൾ നൽകുന്നതേയുള്ളു. അമ്മയുടെ വചനാമൃതം പാനം ചെയ്തപ്പോൾ കുട്ടികൾക്ക് ഏതാണ്ടൊരു സമാധാനമായി. അപ്പോൾ ഉചിതജ്ഞയായ മാതാവു് ഗൌരവതരങ്ങളായ ചില ജീവിതതത്വങ്ങളെക്കൂടി ലളിതമായി ഉപദേശിക്കാൻ തുടങ്ങി. നേരം വൈകിയപ്പോൾ അമ്മയും കുട്ടികളും സ്നാനം കഴിഞ്ഞു ഈശ്വരപൂജകൾ ചെയ്യുന്നു. ഈ സന്ദർഭത്തിലാണു ശ്രീദേവിയുടെ ആവിർഭാവം.

E 411

“വണ്ടാറണിക്കുഴലൊതുക്കി വിചിത്രരത്നം
കൊണ്ടാട്ടമുജ്ജ്വലകിരീടമണിഞ്ഞുമന്ദം
വണ്ടാർത്തടുത്തുവിലസും മലർമാല ചാർത്തി-
ക്കൊണ്ടാശ്ശിരസ്സധികമംഗളമേകിടുന്നു”.

ഇത്യാദി ദേവീവർണ്ണനയും ദേവീപ്രസാദത്താൽ വന്നുകൂടിയ

“ദന്താവളങ്ങൾ തുരഗങ്ങൾ വൃഷങ്ങൾ ഗോക്കൾ
ചന്തംകലൎന്ന ചെറുവത്സകവൃന്ദവും ഹാ!
ചിന്താധികാമലവിഭൂതി ചൊരിഞ്ഞജസ്രം
ഹന്താർണേന്ദ്രനിലയത്തിൽ വിളങ്ങിടുന്നു”

ഇത്യാദിയായ പരിണാമഭേദങ്ങളും ഏററവും ഹൃദ്യങ്ങളായിരിക്കുന്നു. ഒടുക്കം ആ പതിവ്രത “ഭർത്തൃശ്രീപാദവും പാ

ത്തമന്മാരുള്ളിൽ" കുചേലഭൂസുരൻ വരുന്നതു കാണുകയും ആ ഭാഗവതോത്തമൻ "ഭക്ത്യാതൻമന്ദിരത്തിൽ വൃതരൊട്ടൊരുമിച്ചാത്മദാരങ്ങളോടും" വാഴുന്നതുകണ്ടു് നാം ചരിതാർത്ഥരാകയുംചെയ്യുന്നു.

ഇനി, ഈ കൃതിയുടെ കർത്താവായ മിസ്റ്റർ കെ. ജം. ദാസ്സിനേയും അദ്ദേഹത്തിൻെറ കവിതാസരണിയേയുംപറ്റി അല്പം പറയേണ്ടതായിട്ടുണ്ടു്. ശ്രീകൃഷ്ണസ്വാമിയുടെ മഹനീയസാന്നിദ്ധ്യത്താൽ പരിപാവനമായ ആറന്മുളയാണു് ഇദ്ദേഹത്തിൻെറ ജന്മദേശം. അതുതന്നെ കൃഷ്ണഭക്തിസംവർദ്ധകമായ ഈ കൃതിക്കു് മഹത്വം വരുത്തുന്നുണ്ടു്. പ്രസിദ്ധപണ്ഡിതാഗ്രേസരനായിരുന്ന ആറന്മുള മംഗലപ്പള്ളിൽ കുമാരൻ മൂസ്സവർകളിൽനിന്നും സംസ്കൃതവും ജ്യോതിഷവും അഭ്യസിച്ചു് ഒരൊന്നാംതരം ജ്യോത്സ്യനെന്ന പേർ സമ്പാദിച്ചിട്ടുള്ള മിസ്റ്റർ ദാസ്സ് ഒരു തികഞ്ഞ വാസനാകവിക്കൂടിയാണെന്നു ഞാനറിഞ്ഞതു് ഈ കൃതി വായിച്ചപ്പോൾമാത്രമാണു്. പല അവസരങ്ങളിലും പല പദ്യങ്ങൾ നിർമ്മിച്ചിട്ടുള്ളതിനു പുറമെ ഇദ്ദേഹം ഈശ്വരസ്തോത്രരൂപത്തിൽ "വേദാന്തഗാനമാലിക" എന്നൊരു കൃതി പ്രസിദ്ധംചെയ്തിട്ടുണ്ടെന്നും അറിയുന്നു. ഇദ്ദേഹത്തിൻെറ കവിതയ്ക്കുള്ള രീതിരാമണീയകവും ശയ്യാഗുണവും സഹൃദയന്മാരെ നല്ലപോലെ രസിപ്പിക്കാതിരിക്കയില്ല. പ്രാസത്തിനുവേണ്ടി കിടന്നു ക്ലേശിക്കാതെയും, ഉചിതങ്ങളായ സന്ദർഭങ്ങളിൽ മാത്രം അലങ്കാരസന്നിവേശംചെയ്തും ഉത്തമജീവിതാദർശങ്ങൾ നിർദ്ദേശിച്ചും ഇദ്ദേഹം തുറന്നുകാണിച്ചിട്ടുള്ള കവിതാമാർഗ്ഗം ഏറ്റവും സുഗമവും യുവകവികൾക്കു് സർവ്വഥാ അനുകരണീയവും ആണെന്നു് നിശ്ശങ്കം അഭിപ്രായപ്പെടാം. മേൽപറഞ്ഞ ഗുണങ്ങളെ ദൃഷ്ടാന്തീകരിപ്പാൻ ഉദാഹരണങ്ങൾ

PRESENTED BY:
SRI M. K. VASUDEVAN NAIR

സ്ഥലങ്ങളേല്ലാണെങ്കിലും ചിലതു മാത്രം എടുത്തുകാണിക്കുന്നു. ബാലധർമ്മോപദേശഘട്ടത്തിലുള്ള

൧. “ധനഹീനൻ ഭൂമിതന്നിലി-
ല്ലൊരുമാനം ദ്വിജവംശ്യനാകിലും
മധുവർജ്ജിതമായശിംശിപാ-
മലരും തേണ്ടുകയില്ല വണ്ടുകൾ”.

൨. “സ്നേഹമെന്നതു മാതാവിൻ-
സാരമാം ധർമ്മമോക്ഷവിൻ
നാളികേരത്തിലാളുന്ന
നീരാരാൻ ചേർത്തതാകുമോ”. എന്നപദ്യങ്ങളും

ഗൃഹത്തിൽ സന്ധ്യാദീപം കത്തിച്ചതിനെപ്പററിയുള്ള

൩ “നറുമലർപ്പൈരമാലകൾ ചേർന്നൊരാ-
നിലവിളക്കു ലസിപ്പതു പാർക്കവോർ
മലരിൽ മാനിനിതൻകനകാഭമാം
നിലയമെന്നു നിനച്ചു നമിച്ചിടും”

എന്ന പദ്യവും, കുചേലപ്രത്യാഗമനഘട്ടത്തിലെ

൪. പ്രാഗ്ദേശമാംമലർവിടിന്റു മനോഹരശ്രീ
ചാർത്തുന്ന ഭാനുരുചിയാകിയ കേസരങ്ങൾ
ചീർത്തംബരത്തിലണിതിങ്ങിവിരിഞ്ഞുനില്ക്കും
താരങ്ങളാം നറുസുമങ്ങളിവന്നുവീണു”

എന്ന പ്രഭാതവർണ്ണനയും സമുചിതശബ്ദാർത്ഥാലങ്കാരങ്ങളുടെ സുരുചിരസമ്മേളനത്താൽ എത്രയേറെയാളും സമഞ്ജസങ്ങളായിട്ടുണ്ടെന്നു് പ്രത്യേകം വിവരിക്കേണ്ടതില്ല.

GRANDHASALA

അഞ്ചു സർഗ്ഗങ്ങളുള്ള ഈ ലഘുകാവ്യത്തിൽ ബാലന്മാരും ബാലികമാരും അവശ്യം അറിഞ്ഞിരിക്കേണ്ടതായ പല ജീവിതതത്വങ്ങളും ലളിതമായി പ്രതിപാദിക്കപ്പെട്ടിരിക്കുന്നതിനാൽ ഈ ഗ്രന്ഥം അത്തരക്കാൎക്കു വിശേഷിച്ചും ഒരു വിശിഷ്ടസമ്പത്തായിരിക്കുന്നതാണ്. സരസകോമളവും വാസനാഭാസുരവുമായ ഈ കൃതിക്കു പ്രചുരപ്രചാരത്തേയും മിസ്റ്റർ ദാസ്സിനു അഭംഗുരൈശ്വൎയ്യത്തേയും ആശംസിച്ചുകൊണ്ടു് ഈ അവതാരികയെ സമാപിക്കുന്നു.

തിരുവനന്തപുരം
16-4-1107.

വിദ്വാൻ
സി. ഐ. ഗോപാലപിള്ള ബി. എ.

PRESENTED BY:
SRI M. K. VASUDEVAN. NAIR
MANIYARA VEEDU
MALAYINKIL

# കുചേലമന്ദിരത്തിലെ
# ശ്രീദേവി.

---

## ഒന്നാംസർഗ്ഗം

E 911

അകമലരിലണഞ്ഞ ദുഃഖമെല്ലാ-
മകലുവതിന്നു കുചേലഭൂസുരേന്ദ്രൻ
ഹരിപദകമലം നിനച്ചുപോയോ-
രളവിലഹോ! നിജപത്നി മാഴ്കിവാണാൾ. 1

കച മതിരൂക്ഷിതം, കുഴിഞ്ഞു കണ്ണും-
കവിളു,മുയന്നു വിടിന്നു നാസികാഗ്രം
കുചയുഗളമൊതുങ്ങി മാറി,ലെല്ലിൻ-
നിരനിലവിട്ടു കിളന്നു പാർശ്വഭാഗം. 2

വയർ മുതുകൊടടുത്തു, ഭിന്നമാംവെൺ-
പുടവയുടുത്തു, മുകുന്ദദാസപത്നി
നിജതനയരൊടൊത്തു ജീർണ്ണമാംതൻ-
ഗൃഹമതിൽ വാണിതി ചിന്തചെയ്തു സാധ്വി. 3

"ഹരിഹരി! മമ കാന്തനിപ്പൊഴങ്ങേ-
പ്പുരിസരഭൂവിലണഞ്ഞുവോ? മുരാരെ!
പെരുവഴി തിരിയാതുഴന്നിടുന്നോ?
പരവശനായ് പശിയാൽ വലഞ്ഞിടുന്നോ?. 4

പ്രിയതമനശനത്തിനില്ല ലേശം-
പ്രിയ,മവിടുന്നു കുഴങ്ങുകില്ലതെല്ലും
ഭയമിതിലുളവായ്ക്കൊല്ലഹന്തതെ!
പ്രിയനരവിന്ദവിലോചനാശ്രിതൻതാൻ. 5

വരുമധികവിപത്തു നാരിയാംതൻ-
വരനുടെ വാഞ്ഛവെടിഞ്ഞുവാണിരുന്നാൽ
കരുത്തുകിലഥമാത്മനാഥനെന്നാ-
ണളിമതമായത്തു കാത്തിടുന്നു നിത്യം. 6

പണിപലടമിരപ്പതിന്നു, കീറ-
ത്തുണിയുമുടുത്തു നടന്നിടാൻപ്രയാസം
ഫണിശയന! മുകുന്ദ! പത്മനാഭാ!
തുണതവപാദസരോജയുഗ്മകം മേ. 7

തനയരിത! വിശന്നു വാസുദേവാ!
പരവശരായ് ബത കേണിടുന്നു പാരം
പതിയണമിഹനിൻകടാക്ഷലോലാ-
മൃത,മതിനാദരവോടു കൂപ്പിടുന്നേൻ, 8

ഒരുമൻജന്നെമാത്രകൊണ്ടുതാഴ്ത്തു-
ന്നതിനുമുയർത്തുവതിന്നുമങ്ങുപോരേ?
ജഗദധിപ! ഭവൽപദങ്ങളല്ലാ-
തൊരുഗതി വേറെയെനിക്കു പാരിലില്ല. 9

യദുകുലവര! നിൻസതീർത്ഥ്യനാം ഭൂ-
സുരനുടെ പുത്രരുമിഷ്ടപത്നിതാനും
കദനമധികമാർന്നിടുന്നതോരാ-
തവിടെ വസിപ്പതു യോഗ്യമോ? മുരാരേ!”. 10

ഇതിപലവിധമോർത്തു ഭൂസുരസ്ത്രീ
മധുരിപുതന്നെനിനച്ചു വാണിടുമ്പോൾ
നിജതനയർ വിശപ്പിനാൽവലഞ്ഞാ-
ഗ്ഗുണവതിയോടു കഥിച്ചു മന്ദമേവം. 11

“പ്രിയജനനി! വിശന്നുനീറിടുംനിൻ-
തനയരിലെന്തു വിചാരശൂന്യയാവാൻ?
കനിവിനൊടണുമാത്രമെങ്കിലും വ-
ല്ലതുമിഹ നൽകിടുവാനൊരുങ്ങിടേണം. 12

തവസുതരൊരുപോലെ ദുഃഖമാന്റം-
ത്തളിർകരിയുന്നതറിഞ്ഞിടാതജസ്രം
വെറുമലസതപൂണ്ടു വാണുകൊണ്ടാ-
ലതുബത! ഞങ്ങടെ ദുർദ്ദശാപ്രഭാവം. 13

ഒരുവളിലുരഗം ജനിക്കിലും ത-
ള്ളിടുവതിനാഞ്ഞിടുകില്ല തള്ളയായാൽ
ഇതിപഴമൊഴി പാഴിലാക്കുവാനായ്-
ത്തുടരരുതമ്മ, സുകർമ്മമല്ലിതോർത്താൽ. 14

അയൽമഠമതിൽമേവുമുണ്ണികൾക്കി-
ത്തിരി പശിപോലുമടുത്തിടാതെനിത്യം
പലവിധമശനംകൊടുത്തിടുന്നു-
ണ്ടുടയവരിക്കഥയമ്മയോർത്തുനോക്കു, 15

അവരൊടു സമമായ് വരേണ്ട, തന്നാ-
ലുതകുവതെന്തതുനൽക വേഗമിപ്പോൾ
ഹിതമൊടു ലഘുവായ് തരുന്ന ഭോജ്യം-
മതി, യതുകൊണ്ടിഹ തൃപ്തിപൂണ്ടുകൊള്ളാം. 16

പശിയധികമയന്നിടുന്നു, ദേഹം
ക്രമനിലവിട്ടു കുഴഞ്ഞു വാടിടുന്നു;
യമനിയമഗുണാഢിയുക്തയെപ്പോൽ
ജനനിയിതെന്തു നിനച്ചിടാതിരിപ്പൂ.” 17

ദാരിദ്ര്യഭൂഷണമണാളവിശേഷവാൎത്ത-
യോരോന്നുമോൎത്തലസയായി വസിച്ചിടുമ്പോൾ
പാരം വിശന്നു സുതരോതിന വാക്യമെല്ലാ-
മാരാഞ്ഞിവണ്ണമവളായവരോടുരച്ചാൾ. 18

ഒന്നാംസൎഗ്ഗം സമാപ്തം.

---

## രണ്ടാം സൎഗ്ഗം.

---

"വശമില്ലവിശപ്പുപോക്കുവാ-
നിവളാലെന്നു ധരിക്കമക്കളെ!
ശിശുവൎഗ്ഗമറിഞ്ഞിരിക്കുമോ?
സുഖദുഃഖങ്ങൾ ഭവിപ്പതൂഴിയിൽ. 1

മനതാരിലുദിപ്പതോതിടും
ഗുണദോഷംനിനയാതെ കുട്ടികൾ
അതുപാൎക്കിലവൎക്കു നിത്യവും
പതിവാണെന്നുധരിച്ചുകൊള്ളുവിൻ. 2

സുതരെ! പശിതുച്ഛമെന്നഹോ
കരുതീടുന്നുബുധപ്രമാണികൾ
അതുകൎമ്മവിരക്തിമാൎഗ്ഗമായ്-
ക്കരുതാമെന്തിനു ചിന്തയായതിൽ. 3

സുഖമെന്തസുഖംനിനയ്ക്കിലെ-
ന്തിതിനാർസാക്ഷി ജഗത്തിലോൎക്കുകിൽ?
അസുഖംസുഖമെന്നിവയ്ക്കു നേർ-
വഴികാട്ടുന്നതു കൎമ്മമല്ലയോ? 4

ഒരുവൻ സ്ഥിരസത്വനെങ്കിലാ-
മനുജൻപൂർണ്ണസുഖാപ്തനായിടും
എവിടുന്നുദയംത്തുടന്റു താ-
നവിടെച്ചെന്റുലയിക്കുമായവൻ. 5

ചതി, ഭീഷണി, മോഷണങ്ങ, ളെ-
ന്നിവകൊണ്ടാർജ്ജിതമാം മഹാധനം
ചിതമല്ല; തൃണാഗ്രബിന്ദുപോൽ-
ഭവികും; സുസ്ഥിരമല്ലിതാരിലും. 6

ഇതരർക്കസുഖംവരുന്നതോ-
ത്തൊരുനാളുംപകതോന്നിവാഴൊലാ
വരുമീശ്വരകോപമീവിധം-
കരുതും മാനുഷനില്ലസംശയം. 7

അശനാർത്തിവളർന്നുവന്നിടു-
ന്നവനില്ലർത്ഥവുമുററബന്ധുവും
അതുമല്ലസമസ്തരുംവെറു-
ത്തിടുമാപ്പുരുഷനില്ലസൌഖ്യവും. 8

ഒരുവർക്കുമൊരേനിലയ്ക്കഹോ!
നിലനില്ലൊത്തുരുൾചക്രമെന്നപോൽ-
തിരിയുന്നുധനപ്രഭാവമെ-
ന്നറിയേണം മമബാലരേവരും. 9

വെറുമൂർണ്ണികൾ നിങ്ങളിൽ പ്രിയം-
കുറവെന്നൊങ്ങിനെ ചിന്തചെയ്യുവോ!
ഹാഹ! മാനുഷരാത്മമാനസം-
തിരിയാതന്യമതം ഗ്രഹിക്കുമോ? 10

ശിശുപാലനമത്രഭംഗിയായ്-
വശമാണെന്നിലതൊക്കെ നിഷ്ഫലം
പലവിദ്യപഠിച്ചുമന്ദനായ്-
മരുവും മാനുഷനെന്നപോലെയായ്. 11

അതിനിദ്ര,നിരർത്ഥവാക്യ, മ-
ജ്ജല്പമാംനിന്ദ,യിവററിലൊന്നിലും
പതിയാതെസുശാന്തശീലരാ-
യധുനാവാഴണമോർക്കിനേവരും· 12

അറിവേറിന നിങ്ങൾ തൻപിതാ-
വകതാർ വെന്തു മുകുന്ദസന്നിധൌ
വിരവോടിതുനാളുഷസ്സിലാ-
ത്തുരനായ്താൻതനിയേഗമിച്ചതെ. 13

മുകിൽവർണ്ണസതീർത്ഥ്യനായ്പിതാ-
ഗ്ഗുരുഗേഹത്തിലമർന്ന വാർത്തകൾ
അകതാരിൽമറന്നിരിക്കയി-
ല്ലഖിലാത്മാവിലുമാളുമച്യുതൻ. 14

സുഖഭക്ഷണമേകിനിങ്ങളെ
സ്സുഖമായ്തന്നെ വളർത്തുവാനഹോ!
മധുസൂദനനത്ര വല്ലതും
സഖിയാം വിപ്രനനല്കമോർക്കുവിൻ. 15

വരുമേകദിനത്തിനുള്ളിലെൻ-
പ്രിയനാമാരണസൂരിമാർമണി
ശരണാഗതവത്സലൻ കനി-
ഞ്ഞരമാനന്ദമിയന്നുനിർണ്ണയം. 16

ഇതുകാലമിവൾക്കുട്ടത്തൊരി-
പ്പരിതാപാതപമാത്രമാറിടും
മദനാന്തകപൂജ്യനാം രമാ-
രമണൻതൻ കരുണാപയസ്സിനാൽ. 17

സുതരെ! യിവളിന്നലെപ്പലേ-
സദനംതോറുമിരന്നിടുംവിധൌ
ചിലരെന്നൊടുരച്ചതല്പമായ്-
പ്പറയാനായതുകേൾപ്പിനേവരും. 18

കൃഷി, കൈത്തൊഴിൽ, വാണിഭങ്ങ,ളെ-
ന്നിവചെയ്യും മനുജന്നൊരിക്കലും
വരികില്ലൊരുദുഃഖമൂഴിയിൽ-
പ്പരമാനന്ദമിയന്നു വാണിടാം. 19

മടിയെന്നതുനാശമാതൃകാ-
പടി, യെന്നോർത്തുവസിച്ചിടാത്തവൻ
പൊടിയും, പൊടിപോലുമേതിനും-
കിടയാതാകുല ഭാവമാർന്നിടും. 20

അരുളട്ടെ സമസ്തമീശ്വരൻ
സ്ഥിരമായ് ധാന്യധനാദിയെന്നുനാം
കരംതന്നിലുറച്ചുമൂകരായ്-
വരികിൽദൈവമതത്രനല്കുമോ? 21

സ്ഥിരഭക്തിയൊടേതുകർമ്മവും
പരമുത്സാഹമൊടാരുചെയ്കിലും
ചൊരിയും ജഗദീശ്വരൻകൃപാ-
മൃത, മല്ലാതുളവാകയില്ലഹൊ! 22

ഭരണത്തിനസൂക്ഷ്മബുദ്ധിതാൻ-
കരണം, പാരിലതോപ്പിനേവരും
വരണം ധനമെങ്കിലൂർജ്ജിതം-
വരണം സത്യമതൊന്നിലേവനും. 23

ധനഹീനനു ഭൂമിതന്നിലി-
ല്ലൊരുമാനം ദ്വിജവംശ്യനാകിലും
മധുവർജ്ജിതമായ ശിംശപാ-
മലരും തേണ്ടുകയില്ലവണ്ടുകൾ. 24

ഹഹ! യാചകരെത്രയോ ഗൃഹം
തിരയുന്നുണ്ടശനം ലഭിക്കുവാൻ
ചിലർവല്ലതുമേകിലാം ചില-
ർക്കിവരെക്കാണ്മതനിഷ്ടമായ് വരാം. 25

സ്വയമേവ സുയത്നമുററുചെയ്-
തുളവാമേതിലുമുണ്ടുഭക്തിതാൻ
അതിൽനാശമകപ്പെടാതവൻ-
കരുതും വേണ്ടുവിധം സ്വകാര്യമായ്. 26

സഖി! യാചനവിട്ടുനിങ്ങളും
ഗൃഹകൃത്യങ്ങൾ വരിച്ചുനാരതം
സുതർതന്നൊടുമൊത്തുവാഴ്കയെ-
ന്നിവരെന്നോടുരചെയ്തതോർക്കുവിൻ." 27

ജനനിസദയമോതും ചാരുവാക്യാമൃതത്താ-
ലകമലർവികസിച്ചാബ്ബാലകന്മാരശേഷം
പറക പറകതായെ! സൽസദാചാരമെല്ലാ-
മറിവതിനഭിലാഷം പാരമെന്നോതിഭക്ത്യാ. 28

രണ്ടാംസർഗ്ഗം സമാപ്തം.

# മൂന്നാംസർഗ്ഗം

കൊച്ചുകുഞ്ഞുങ്ങളാശിച്ചോ-
ഭക്ഷ്യമാംവാഞ്ഛിതതരം
സ്വച്ഛമാനസയാംമാതാ-
വിച്ഛപോലേവമോതിനാൾ. 1

“എന്നാൽഞാൻ ചൊന്നിടുംവാക്യ-
മുണ്ണിമാർനിങ്ങൾകേൾക്കുവിൻ
ദണ്ഡമററിട്ടുവാനുണ്ണി-
കണ്ണനിൽഭക്തിയുത്തമം. 2

ഏതുമൊന്നുതുടങ്ങുമ്പോ-
ളതിശാന്തിയൊടീശനെ-
സ്മൃതിചെയ്തുവണങ്ങേണ-
മിതുസജ്ജനസമ്മതം. 3

ദൈവശക്തിയിതാ! ലോക-
മെങ്ങുമിക്കണികാണ്മതു്
ദൈവമാണെതിനുംസാക്ഷി-
യെന്നുപാർത്തുവസിക്കണം. 4

ദിനനാഥനഹോചെയ്യു-
മുദയാസ്തമയങ്ങൾപോൽ
മനുജാതസ്വസംസാര-
ത്തികവോർക്കുകബാലരേ! 5

അതിരാവിലെയെൻപുത്ര-
രെഴുന്നേററുമുകുന്ദനെ
മനതാരിൽനിനച്ചോരോ-
തൊഴിൽചെയ്യണമാദരാൽ. 6

ജഗദീശ്വരനിൽഭക്തി-
കലരുംനരന്നൂഴിയിൽ
ധനവുംധാന്യവും മേന്മേൽ-
വളരുംഗതിയുംവരും. 7

ജനകാജ്ഞയിലൌന്നത്യ-
സ്ഥിതിപൂണ്ടുവസിപ്പവൻ
ജനപൂജ്യതയാർന്നനം
ക്ഷിതിതന്നിലമർന്നിടും. 8

നിജപുത്രരിൽവാത്സല്യം
നിലനിൽക്കുന്നതാതനിൽ
ഗ്ഗുണമുള്ളതിൽവാണീടു-
മഖിലേശ്വരനെന്നപോൽ. 6

രഘുവംശജനാംരാമൻ
പ്രിയപത്നിയുമായ്മുദാ-
അതിഘോരവനത്തിൽപോ-
യിതുതൻപിതൃരാജ്ഞയാൽ. 10

ഹരിദേവനിൽനാംഭക്തി-
കരുതുംപോലെനിത്യവും
ജനകൻപദതാർക്കൂപ്പ-
ന്നവനാനന്ദമോദവാൻ. 11

PRESENTED BY:
SRI M. K. VASUDEVAN NAIR
MANIYARA VEEDU
MALAYINKIL

അമ്മതന്നിലൺപ്രായം
തിന്മതോന്നിവസിക്കൊലാ.
അമ്മയാണിഹലോകത്തിൽ
നന്മചേർപ്പതുനമ്മളിൽ. 12

ഗർഭകാലംമുതല്ക്കെത്ര-
ദുഃഖമമ്മസഹിച്ചുതാൻ
അർഭകന്മാരിലോജസ്സ-
ചേർത്തിടുന്നതുമോർക്കവിൻ. 13

മാതാചെയ്യുംഗുണംതെല്ലു-
മീനാമെന്തറിയുന്നതും
വേധാവിനുമറിഞ്ഞീടാ-
നാമോ മാതൃഗുണോത്സവം. 14

സ്നേഹമെന്നതുമാതാവിൻ
സാരമാം ധർമ്മമോർക്കവിൻ
നാളികേരത്തിലുള്ളന്ന
നീരാരാൻചേർത്തതാകുമോ? 15

എന്തിനേറെയുരയ്ക്കുന്നോൻ-
ചന്തമേറിനബാലരെ;
സ്വന്തമാതൃപദാംഭോജം
ചിന്തചെയ്തുവണങ്ങണം. 16

ഗുരുതന്നിലഹോഭക്തി-
കലരേണമനാരതം
ഗുരുനിന്ദിതനാം മർത്ത്യ-
നുളവാകില്ല നന്മകൾ. 17

അഖിലംഗുരുവെന്നല്ലാ-
തകതാരിലുദിക്കൊലാ
മമ ബാലകരെ! സാക്ഷാൽ
ഗുരുവാം ദൈവമോർക്കുവിൻ. 18

സോദരീസോദരന്മാരിൽ
സ്നേഹമെന്നതകറ്റൊലാ
എല്ലാമാനുഷരോടും നാം
ശാന്തരായ് പെരുമാറണം. 19

പ്രാണിവർഗ്ഗമശേഷം തൻ-
പ്രാണനോടു സമാനമായ്
കാണുവാനഭ്യസിക്കേണ-
മാരുമൂഴിയിലോർക്കുവിൻ. 20

ദുഷ്ടസംഗത്തിനാലേറ്റം
ദുഷ്ടനായ് വരുമേവനും
ശിഷ്ടരോടുള്ളയോഗത്താൽ
ദുഷ്ടരും ശിഷ്ടരായിടും. 21

ചീത്തവാക്കുകളാരോടും
ചീർത്തുചൊല്ലരുതാരുമെ
നേർത്തനന്മകൾതൻനാവാൽ
ചേർത്തിടുന്നിതുസജ്ജനം. 22

കള്ളവോതിനടന്നീടും
ജള്ളനോടിടകൂടൊലാ
നൊടിക്കൊണ്ടപമാനം നേ-
ടിടുമായവനോർക്കുവിൻ. 23

അന്നന്നയാമൊട്ടുമോതീടൊ-
ല്ലണമാത്രവുമാരുമേ
അണചൊല്ലമവൻഭോഷ-
മണിയെന്നു വരുംക്രമാൽ. 24

ഇന്നും നാളെയുമെന്നുള്ള-
തെന്നും വന്നുഭവിച്ചിടും
ഇന്നു ചെയ്യേണ്ടതാംകാര്യം
നാളെയാമെന്നു വെക്കൊലാ. 25

വിദ്യാഭ്യാസത്തിലെപ്പോഴു-
മുത്സാഹിക്കേണമേവരും
വിദ്യാവിജ്ഞൻജഗൽസത്തായ്-
വർത്തിക്കുന്നു പരം ചിരം. 26

ശുചിയെല്ലാജനത്തിന്നു-
മുചിതംതന്നെ പാർക്കിൽ
ശുചിയില്ലായ്മയാൽ രോഗ-
മചിരേണഭവിച്ചിടും." 27

ഇത്ഥം പുത്രരിലാമഹീസുരവധൂ-
രത്താംപൊഴിച്ചീട്ടുമാ-
സ്സത്താംവാങ്മധുമാസ്വദിച്ചുവരലം
സംതൃപ്തരായ്മേവിനാർ
ചിക്കെന്നദ്ദിനമന്തിയിങ്കലവളാ-
ശ്രീകൃഷ്ണപാദാംബുജം-
ചിത്തേ ചേർത്തുഗൃഹാദിശുദ്ധിമുറപോൽ-
ചെയ്യാനൊരുങ്ങീടിനാൾ. 28

മൂന്നാംസർഗ്ഗം സമാപ്തം.

# നാലാംസർഗ്ഗം

പഴകിവീണൊരുമന്ദിരമെങ്കിലും
പിഴവരാതെവെടിപ്പുവരുത്തിനാൾ.
അഴകിനാലുലകിൽഫലമെന്തു? ന-
ല്ലഴകുകർമ്മവിശുദ്ധിയിൽനിർണ്ണയം. 1

നടയിലൂടെവിരുദ്ധമെറുമ്പുതൻ-
നടയുമാടലകന്നറിയുംവിധം
പൊടികളാകെയടിച്ചുകളഞ്ഞിതേ
ഝടിതിയാമഹനീയകുലാംഗനാ. 2

ലഘുതരം ചിലമൺകലപാത്രമു-
ള്ളവയഴുക്കുകളഞ്ഞവൾമെച്ചമായ്,
പരിസരസ്ഥലശുദ്ധിവരുത്തുവാ-
നഥതളിച്ചിതു ഗോമയനീർമുദാ. 3

ദ്വിജവധൂമണിമാക്കിതുകൃത്യമ-
ല്ലിതിവിചാരമശേഷവുമെന്നിയെ
തനതുകാര്യമതിന്നഭിമാനമേ
കരുതിടാതെവരിച്ചതുയോഗ്യമായ്. 4

അഥദുരാധിവളർന്നുകുഴഞ്ഞിയാ-
മഹതിമന്ദമണഞ്ഞുതനൂജരെ,
സദയമാദരപൂർവ്വമെടുത്തുതൻ-
മടിയിൽവച്ചുവളീവിധമോതിനാൾ. 5

“അഹഹ! സാഹസമെന്തിവൾക്കൊരസ്സുതെൻ-
സുതരതീവ വിശന്നുതളർന്നുപോയ്
ദ്രുഹിണനീവിധമെൻനിടിലസ്ഥലെ
ലിഖിതമേകിയതത്ഭുതമത്ഭുതം.” 6

നയനനീർമഴയേററുകവിൾത്തടം
നിയമമററുകുഴിഞ്ഞുപതിഞ്ഞുപോയ്
തിലജലേശമെഴാത്തശിരോരുഹം
പലവഴിക്കുപിരിഞ്ഞുപറന്നുപോയ്, 7

കൊടിയ പട്ടിണികൊണ്ടു ചടച്ചമെയ്-
ത്തടവിടാൻടനമ്മമടിച്ചഹാ!
പൊടിയുമെല്ലുരമേററവശിഷ്ടകൾത-
ന്നുടയ തോലുടലെന്നുനിനയ്ക്കയാൽ. (യുഗ്മകം) 8

മടിയിൽവീണുമയങ്ങിയ ബാലരെ-
യുടനെടുത്തു കിടത്തി പതുക്കവെ
കെടുതികൊണ്ടടിപെട്ടൊരവസ്ഥയാ-
മടമൊഴിക്കൊരുലേശവുമില്ലഹോ! 9

പശിപൊറാതെകുഴഞ്ഞു മയങ്ങിവീ-
ണമിതപീഡകലർന്നതനൂജരെ
സദയമമ്മയുണർത്തിയെടുത്തുകൊ-
ണ്ടഥകളിപ്പതിനാശുഗമിച്ചുടൻ. 10

സ്ഫടികകാന്തികലർന്നപയസ്സെഴും
തടിനിപൂകിയവാറതികൌതുകം
ഝടിതിതെന്നലടിച്ചുയരുന്നൊരാ-
ത്തിരകളോതിയ പക്കൊരുമംഗളം. 11

GRANDHASALA MALAYINKIL 9485

പതകല്ലാനദിതൻതിരമാലയാൽ-
പതറിടുന്നതു പാർക്കിലസംശയം
പതിമനോമുകുരസ്ഥിത വന്നതോ-
ത്തതികുതൂഹലമാർന്നു ചിരിക്കയാം. 12

അഹഹ! താണൊഴുകുംനദിപിൻതിരി-
ഞ്ഞതിഥികൾക്കിഹയാത്രകഥിക്കയൊ!
ഇതി നിനയ്ക്കുമൊഴുക്കിലുയർന്നിടും
തിരകളുങ്ങനെനില്പതുകാൺമവോർ. 13

സരസമാനദിതന്നിലിറങ്ങിനി-
ന്നവർകുളിച്ചുയഥാക്രമമേവരും
സലിലകർമ്മവുമാർന്നഥ ഭാനുവിൻ-
മൃദുപദങ്ങൾ ഭജിച്ചുസുഭക്തരായ്. 14

കുളികഴിഞ്ഞുമുറയ്ക്കവർവന്നു തൽ-
ഗൃഹമതിങ്കലിരുന്നുയഥോചിതം
ധവളഭൂതിധരിച്ചുകളേബരം
സുഭഗമാക്കിവസിച്ചുവിശുദ്ധരായ്. 15

ഇനനഹോമറയുന്നതിനൊട്ടുമുൻ-
പനഘയാമവരം വച്ചുവിളക്കതിൽ
കനകകാന്തിവഹിച്ചൊരുദീപ്തിതൻ-
നിലകെടാതെകിളർന്നു സുലക്ഷണം. 16

നവമലർച്ചെറുമാലകൾചേർത്താരാ-
നിലവിളക്കലസിപ്പതുപാർക്കവോർ
മലരിൽമാനിനിതൻകനകാഭമാം-
നിലയമെന്നുനിനച്ചു നമിച്ചിടും. 17

ഗജമുഖൻ, ഭുവനേശ്വരി, യെന്നിവ-
ർക്കരുളിപൂജകളേവരുമൊന്നുപോൽ
പുനരഹോ! ഹരിനാമസഹസ്രവും-
കളഴിഞ്ഞുജപിച്ചു വിനീതരായ്. 18

ഹൃദയശുദ്ധ്യാ സുമാർച്ചനസാദരം
മദനതാതനിലേകിമനോഹരി
കദനമാമിരുളംപോക്കുകകൃഷ്ണ! നിൻ-
വദനചന്ദ്രികകൊണ്ടിതിചിന്തയാൽ. 19

പുനരുടൻഹരിഭക്തനിജാത്മജ-
ർക്കുടനെടുത്തുകൊടുത്തിതുതീർത്ഥവും
അവരുമാദരവോടതുവാങ്ങിനി-
ന്നമൃതുപോലെകഴിച്ചുകൃതാർത്ഥരായ്. 20

ധരിത്രീസുരസ്ത്രീകൊടുത്തോരുതീർത്ഥം
കുടിച്ചോരുവത്സക്കുട്ടത്തുമഹത്വം
വിശപ്പുംശമിച്ചു സുഖംവന്നുമിച്ചു
പ്രഭുത്വംകിളിർത്തുവിചിത്രംനിനച്ചാൽ. 21

നാലാംസർഗ്ഗം സമാപ്തം

9485

## അഞ്ചാം സർഗ്ഗം.

മിന്നുന്നിതെങ്ങുമൊരുസുപ്രഭ,യെന്തിതെന്നു
ചിന്തുന്നുമാനസമശേഷജനാവലിക്കും
കന്നിപ്പുഭാനുരുചിയല്ലരുണോദയല്ല
മന്നിങ്കലീവിധമിപ്പതിനെന്തുബന്ധം? 1

ആപാദചൂഡമുയരുന്നൊരുകാന്തിയേന്തി-
യാരാലണഞ്ഞിതൊരു ദിവ്യകലോത്തമസ്ത്രീ
താരാധിനാഥമുഖിനാകനതാംഗിയാളോ?
മാരാരിതൻകമനിയോ വരവാണിതാനോ? 2

വണ്ടാറണിക്കുഴലൊതുക്കി വിചിത്രരത്നം-
കൊണ്ടാട്ടമുജ്ജ്വലകിരീടമണിഞ്ഞുമന്ദം
വണ്ടാർത്തുടുത്തുവിലസുന്നലർമാല ചാർത്തി-
ക്കൊണ്ടാശ്ശിരസ്സധികമംഗളമേകിടുന്നു. 3

പ്രേമം നിറഞ്ഞു വഴിയും മുഖചന്ദ്രമസ്സാ-
ലീമന്നിലാകെവിലസുന്നമഹാപ്രകാശം
ക്ഷേമം പരത്തുമരവിന്ദമണാളനുള്ളാ-
മോദാൽക്കരങ്ങളുമയാദ്രിയിൽവീശിടുംപോൽ. 4

കാരുണ്യമാർന്നു കളിയാടിന നേത്രഭംഗ-
മീതന്യഭൃസുരഗൃഹോജ്ജ്വലനന്ദനത്തിൽ
നേരെവിടർന്നുവിലസും മഹിളാപ്രസൂന-
മാരാഞ്ഞെടുത്തിടുവതാണതിനില്ലവാദം. 5

മന്ദസ്മിതക്കുളിർനിലാവിലുയർന്നുനിന്നു-
മന്ദംവിളങ്ങിമലർതന്നൊടുകശ്മളങ്ങൾ
കന്നിക്കുരുക്കളധരപ്രഭകണ്ടു വക്ത്രം-
മങ്ങിക്കരുത്തവരസൂയമുഴുത്തുവീണു. 6

ശംഖോടിടഞ്ഞഗളസീമ്നി സുഗന്ധപുഷ്പ-
സമ്പൂർണ്ണമാല്യമൊടു രത്നസുഹാരവൃന്ദം
വൻകാന്തിചേർത്തലിടുന്നു, കരങ്ങളിൽശ്രീ-
തങ്ങുന്നപൊൻകവലയങ്ങളും വിളങ്ങിടുന്നു; 7

മഞ്ജുപ്രകാശമിയലും മൃദുചേലകൊണ്ടി-
മഞ്ജുപ്രഭാഷിണി മറച്ചുവിളങ്ങുമാറും
കഞ്ജത്തിനാമയമയത്തിനപാണിതന്മേൽ
രഞ്ജിച്ചുപൊൻവളകളും കമനീയമത്രേ. 8

പൂഞ്ചേലതൊങ്ങലണിയോടുഞൊറിഞ്ഞുടുത്തു
മാഞ്ചാടിയാടിവരുമീനടനോത്സവത്തിൽ
ശ്രീദേവിതന്നുടയന്തപുരനാടകീയാൽ
ദാരിദ്ര്യഭൂതമകലത്തുമറഞ്ഞിടുന്നു. 9

ഹാ! വൻപ്രകാശമിയലും തനുവാർന്നമാലോ-
ലീവന്നിടുംയുവതിയാരിവളാരിതോർത്താൽ
ഏവംനിനച്ചുതൊഴുകയ്യോടെണീറ്റുഭക്ത്യാ-
മേവുന്നു ഭൂസുരവരാംഗന തൽക്ഷണത്താൽ. 10

ആ വിപ്രസാധ്വിയതിഭക്തിയൊടങ്ങുനിൽക്കും
നേരത്തടുത്തരികിലാവിമലാംഗിചൊന്നാൾ
"ഹേധർമ്മശാലിനി! തവാപ്തധവൻനിമിത്ത-
മാണിന്നഹംരഭസമിങ്ങുഗമിച്ചതോർക്ക." 11

ഇത്ഥംമരന്ദമധുരോക്തികൾകേട്ടുടൻ തൻ-
ചിത്തേനിനച്ചുപലവാറുകുചേലപത്നി
ഭർത്താനിമിത്തമിവൾവന്നതുപാർത്തിടുമ്പോൾ
പത്മാക്ഷമുകുന്ദനുടെലീലകളായിരിക്കാം. 12

സങ്കല്പമേതുവിധത്തിലുദിച്ചിടും ശ്രീ-
കാന്തന്നമസ്കരിലമെന്നുപറഞ്ഞുകേൾപ്പൂ
ഏവംമനസ്സിലവളോർത്തഥലക്ഷ്മിയെന്നാൾ-
ഭക്ത്യാനിനച്ചടിയിൽവീണുഭജിച്ചുകൊണ്ടാൾ. 13

“അമ്മേ! പരാപരനിവാസിനി! പത്മമദ്ധ്യ-
ത്തിന്മേലമർന്നുവിളയാടിനമംഗലാംഗീ
സമ്മോദമോടു കളിയാടുക ദീർഘകാല-
മെൻമാനസത്തിലതിനൻപൊടു കൈതൊഴുന്നേൻ.

നീയാണു ലോകമഖിലം, തവ നീതിയാണി-
ക്കാണായതാം സകലമെന്നതിനില്ല വാദം
മായാമയെ! തരിക ഭുക്തിസമൃദ്ധി, വിഷ്ണു-
ജായേ! മദീയമനത്തിലനന്തകാലം.” 15

ഏവം പലേവിധമപേക്ഷകളോടമന്ദ-
മാവന്ദ്യമാനസ, രമാപദപല്ലവങ്ങൾ
ഹാ! പഞ്ചപക്ഷവുമൊതുക്കിനമിച്ചെണീററ-
ന്നേരത്തു മുന്നിലവൾ കണ്ടിതു വിസ്മയങ്ങൾ. 16

രത്നങ്ങൾകൊണ്ടുപണിചെയ്തമതിൽക്കകത്തു-
ചിത്രംമണിത്തറകൾതന്നഴകെന്തുചൊല്ലാം
മിന്നുന്ന വജ്രതതി നീലമണിക്കിടയ്ക്കു
മിന്നാമിനുങ്ങുകൾ തമസ്സിൽ വിളങ്ങിടുംപോൽ. 17

എന്മേലിരുന്ന ലവമങ്ങു തളർച്ചതീർക്കാ-
മെന്നോതിടുന്നു ശശിതന്നോടു ഗോപുരങ്ങൾ
നന്മാറെറഴും കൊടിമരങ്ങളുമിപ്രകാരം
തന്നേ കഥിച്ചിടുകയാം മുഴുതിങ്കളോടായ്. 18

കൊട്ടാരവും നെടിയകെട്ടുകളും കസേല-
ത്തൊട്ടാസനങ്ങൾ പലജാതിയിലുല്ലസിപ്പൂ
തുപിട്ടൊന്ന് മെത്തകൾ വിരിച്ച സുമഞ്ചവും പൊൻ-
മട്ടാർന്നകട്ടിലുകളും കമനീയമത്രേ. 19

ക്ഷേത്രമമ്പലം പുതിയനാടകശാലയും വൻ-
മാത്തുള്ളാട്ടുപ്പുര കൊത്തളമത്തളങ്ങളും
ചേർത്തും പടിപ്പുര നടപ്പുര വൻതൊഴുത്തും
ചാത്തുന്നരപ്പുരകളെന്നിവ മംഗലശ്രീ. 20

ദന്താവളങ്ങളും, തുരഗങ്ങളും, വൃഷങ്ങളും ഗോക്കളും
മന്തം കലൎന്ന ചെറുവത്സകവൃന്ദവും ഹാ!
ചിന്താധികാമലവിഭൂതി ചൊരിഞ്ഞജസ്രം
ഹന്താ രമണന്റാലയത്തിൽ വിളങ്ങിടുന്നു. 21

E911

സൂനങ്ങളങ്ങനെ വിടൎന്നു ലസിച്ചിടുന്നോ-
രാനന്ദനന്ദനമതൊന്നിഹ കണ്ടിടുന്നു
ഭാനുപ്രകാശഭയമേറുമധുജാലമോൎത്താൽ
വാനിങ്കൽനിന്നിവിടെവന്നു വസിക്കയാവാം. 32

തൂമഞ്ഞുനീരണിസുമങ്ങളകംകുളിൎത്തു-
പൂന്തെന്നലേററ ഹഹ! നിന്നു വിളങ്ങിടുന്നു
ഈ വിപ്രസാധ്വിയുടെ മംഗളമോൎത്തു മോളി-
ച്ചോമൽശ്ശിരസ്സു വർ കലുക്കുകയായിരിക്കാം. 23

പൂന്തേൻ നുകൎന്നു വരിവണ്ടുകളാത്തമോദം
ചിന്തുന്ന ഷഡ്ജമധുരസ്വരമാന്ന ഗാനം
മാന്തോപ്പിൽ വാണ കുയിൽ പഞ്ചമരാഗസാരം
ചന്തം കലൎന്നു ചിതമന്നിഹ നാലുപാടും. 24

പ്രാദേശമാം മലർ വിടൎന്നു, മനോഹരശ്രീ-
ചാൎത്തുന്ന ഭാനുരുചിയാകിയ കേസരങ്ങൾ
ചീൎത്തംബരത്തിലണിതിങ്ങിവിരിഞ്ഞുനില്ക്കു-
താരങ്ങളാം നറുസുമങ്ങളിറന്നുവീണു. 25

പാരം നിറഞ്ഞു ധനസഞ്ചയമാരണേന്ദ്ര-
നാരിക്കെഴും കുടിലിലെന്ന വിചിത്രവൃത്തം
സൌരഭ്യപൂരമൊടു തെന്നലണഞ്ഞു ലോക-
സാരജ്ഞരോടു കുതുകേന കഥിച്ചിരുപ്പോം. 26

തൻകാന്തിയെങ്ങും പൊഴിയുന്നുഡുവൃന്ദമദ്ധ്യ-
സ്ഥാനാധിപത്യമണയുന്ന ശശാങ്കനെപ്പോൽ
താനാളിമാരൊടുവിരുന്നരുളുന്നു സാക്ഷാ-
ലീനാരിയാരിതി നിനച്ചു നമിക്കുമാറും. 27

പൊൻകിണ്ണനിൽ സരസമാളികളോദനങ്ങ-
ളൻപോടു നൽകുവതിനാദരവോടണഞ്ഞു
വൻമാളികോപരി നിജാത്മജരോടുവാഴും
പൊൻമാൻചലാക്ഷിയവ നന്ദിയൊടും ഗ്രഹിച്ചാം.

മൃഷ്ടാന്നമായവർ ഭുജിച്ചു, സുവർണ്ണതല്പ-
ത്തിൻമേലിരുന്നു, പരിചാരികമാരമന്ദം
തച്ചിട്ടൊന്ന പൊൻവിശറി, ചാമര,മെന്നിവററാ-
ലൊട്ടേറെ വീശി വിവിധം സുഖമേററിടുന്നു. 29

ദാരിദ്ര്യമാണ്ടിവളനേകമഠങ്ങളിൽ ചെ-
ന്നാഹാരസാധനമിരന്നു ദിനം നയിച്ചു
ഈ മാത്രതന്നിലുളവാം നിലയെന്തു്: സർവം-
മായാമയൻ കളികളാണതിനില്ല വാദം. 30

രത്നങ്ങളും കനകഭൂഷകളും ധരിച്ചു
ഗാത്രപ്രകാശമൊടു ഭൂസുരബാലകന്മാർ
ഉത്സാഹമാർന്നു പല പുസ്തകവും വഹിച്ചു
തൽസാരമൻപൊടു പഠിച്ചു വസിച്ചിടുന്നു. 31

ക്കെല്ലാം ക്രീഡിക്കുളിക്കും സ്വരുചിരമനവനീ-
താംഗിമാരാടിയാടി-
ത്താളം തല്പമ്പൊഴോമൽത്തരിവളകൾകിലു-
ങ്ങുന്ന നാദം ശ്രവിച്ചാൽ
കാഴലറിച്ചക്രവാകതരുണികളരവിന്ദാക്ഷി-
മാർ മാറിലേറി-
പ്പാരം താൻ ക്രകിട്ടുന്നാ കരകമലമഹോ
പാർത്തുപാരത്തന്നുതോന്നും. 32

പട്ടാളക്കാരുമൊട്ടല്പരമനയിലത്തേ-
ശട്ടിലൂട്ടമ്പലം കാ-
ത്തിഷ്ഠാം ഭപാൽപ്പെട്ട കട്ടിക്കടവയറിയലും-
ക്കൂട്ടരും ക്കൂട്ടക്കാരും
കെട്ടല്ലാ കെട്ടിടാമട്ടനവധി ധനധാ-
ന്യങ്ങൾ ധർമ്മങ്ങളായി-
ത്തട്ടീട്ടന്നീക്ഷമേ ചലാശ്രമമധികതരം
മംഗളം മേൽക്കുമേലെ. 33

സത്യത്തിൻ മാതലായും ക്ഷമയതിലവനീ-
ദേവിയോടൊപ്പമായും
കൃത്യത്തിൽ സക്തയായും കാന്തനെയനിശം-
ക്കുപ്പിടും ഭക്തയായും
പ്രത്യക്ഷപ്പെട്ടുവാഴും ദ്വിജകലവനിതാ-
രത്നമുത്തുംഗഭക്ത്യാ
ർത്തശ്രീപാദവും പാർത്ഥമനുമളുവിലാ-
ദ്ദ്യാനെക്കണ്ടിതാരാൻ. 34

ജീൎണ്ണിച്ചുള്ളോരു കീറത്തുണിയരയിലുടു-
ത്തപ്രകാരം പഴക്കം-
പൂണ്ടോരെ ചന്തമെല്ലാമോലക്കുടവടിയിവതൻ-
കയ്യിലേന്തിപ്പുറങ്ങി
ശ്രീകൃഷ്ണൻതന്റെ പാദം കനിവൊടു കരുതി-
പ്പോയമട്ടൊക്കെമാറി-
ക്കണ്ടുററം സംഭ്രമിച്ചെങ്കിലുമിഹ കണവൻ-
തന്നെയെന്നോൎത്തു സാധ്വി. 35

നീലപ്പൂവേണിയാൾതൻ പ്രിയതമനധികം-
ഭ്രാന്തിപൂണ്ടത്ര മാൎഗ്ഗം-
തേടീടുന്നെന്നു ചിന്തിച്ചതികുതുകമൊടും
ചാരവെ വന്നനേരം
നേരേ ഹാ ഹന്ത! നന്ദാത്മജപുരിയിലഹം
പിന്നെയും ചെല്ക്കയാവാ-
മാരാഞ്ഞാരാലടുക്കുന്നിതുമലർമകളെ-
ന്നോൎത്തു പോയാൻ കുചേലൻ. 36

മന്ദാമന്ദം നടന്നും മൃദുഹസിതസുധാം തൂകിയും
ഭൎത്തൃപാദം-
വന്ദിച്ചും ലോചനത്താലവൾ കുതുകതരം
സ്വാഗതം താനുരച്ചും
നന്ദിച്ചാത്മേശനോടൊത്തണയുമളവിലി-
സ്സാധ്വിയെൻപത്നിയാണെ-
ന്നന്തരാനന്ദസാരം പൊഴിയുമകമലർ-
ക്കാമ്പിലാൎജ്ജിച്ചു വിപ്രൻ. 37

PRESENTED BY:
SRI M. K. VASUDEVAN NAIR
MALAYINKIL



ഭർത്താവിൻപാദപത്മം ജവമവൾകഴുകി-
പ്പുത്തനാംതേരിലേററി-
ട്ടുൾത്താർമോദിച്ചുതാനും നിജസഖികളോടും-
കേറിരോരൊന്നിലപ്പോൾ
മത്തേഭാദ്യുത്തമാംഗപ്പടയൊടുമധുനാ-
മന്ദമന്ദംഗമിച്ചാ-
സ്സുത്രാമാഗേഹമൊക്കും നിലയമതിലുടൻ-
ചെന്നപൂർണ്ണംവിളങ്ങി. 38

സ്വർഗ്ഗാധീശാദിവർഗ്ഗംകനിവിനൊടളിവാദ്യങ്ങൾ-
ഘോഷിച്ചുവാനിൽ
ചിത്താനന്ദത്തൊടേററം സുരതരുണികളർച്ചിച്ചു-
മന്ദാരപുഷ്പം
ഇസ്ഥാനത്തെന്തിവണ്ണം ശുഭതതിയുളവായീടുവാ-
നെന്നുവിപ്രൻ-
പ്രത്യേകംചൊന്നവാക്കിൻ മറമൊഴിമുറപോ-
ലോതിനാൾപത്നിമന്ദം. 39

മത്തേഭാരാതിപീഠോപരിവിലസിടുമാ-
വിപ്രനാത്താന്ദമോദം
ആത്തേനോലും സ്വഭാര്യാവചനമഖിലവും-
കേട്ടുസന്തുഷ്ടനായി
ഖ്യാതൻമന്ദിരത്തിൽസുതരൊടുമൊരുമി-
ച്ചാത്മദാരങ്ങളോടും-
വിഖ്യാതൻവാണു; ലോകംമുഴുവനമിതുകൈ-
ക്കൊൾക, സന്മാർഗ്ഗസാരം. 40

അഞ്ചാംസർഗ്ഗം സമാപ്തം.

ശുഭമസ്തു.

B 911

കുചേലമന്ദിരത്തിലേ

# ശ്രീദേവി.



ജ്യോത്സ്യൻ കെ. ജി. ദാസ്സ്

Indic Digital Archive Foundation
gpura.org